<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡിംഗ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം
e Mail - dirdhse.dge@kerala.gov.in
Phone No 0471 2325868

നമ്പർ എഡി സി3/273093/2022/ഡി.ജി.ഇ തീയതി : 24/01/2023

## സർക്കുലർ

വിഷയം : പൊ.വി.വ - ഹ.സെ.വി - എച്ച്.എസ്.എസ്.റ്റി (വിവിധം)
എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്ന്
എച്ച്.എസ്.എസ്.റ്റി ആയി തസ്തികമാറ്റ നിയമനം
കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. സർക്കാർ ഉത്തരവ് നം. 144/2001/പൊ.വി.വ തീയതി 18/04/2001
2. എഡി സി3/227279/21/എച്ച്.എസ്.ഇ തീയതി 13/04/2022

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ 2023 വർഷത്തിൽ എച്ച്.എസ്.എസ്.റ്റി ആയി തസ്തികമാറ്റ നിയമനത്തിന് അർഹതയുള്ള അദ്ധ്യാപകർ അതാത് വിഷയത്തിൽ വേക്കൻസിക്ക് ആനുപാതികമായി (മൂന്നിരട്ടി) 2020, 2021, 2022 വർഷത്തേയും Annual Confidential Report **20/02/2023 തീയതി വൈകുന്നേരം 5 മണിക്ക്** മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്. CR അയക്കുന്ന കവറിന് പുറത്ത് എച്ച്.എസ്.എസ്.റ്റി തസ്തികമാറ്റ നിയമനം CR of HSST Jrs എന്ന് എഴുതേണ്ടതാണ്.

### <u>CR സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. ഈ സർക്കുലറിന്റെ നമ്പർ, തീയതി, വിഷയം എന്നിവ രേഖപ്പെടുത്തിയ ആമുഖ കത്ത്.
2. ഓരോ കലണ്ടർ വർഷത്തേയും (അതത് വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള) പ്രത്യേകം Confidential Report, Self Appraisal, ഒരു വർഷം 2 സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവിലേക്ക് പ്രത്യേകം Confidential Report, ഗാപ് പിരീഡ് ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ് (Circular No. 65813/CR Cell/12/GAD Dated : 04/01/2012 കാണുക)

3. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്രസക്തമായ രേഖകൾ മറ്റെന്തെങ്കിലുമുണ്ടെങ്കിൽ ആയത്.
5. മുൻവർഷങ്ങളിൽ 2020, 2021 വർഷങ്ങളിലെ CR സമർപ്പിച്ചിട്ടുള്ള അദ്ധ്യാപകർ 2022 വർഷത്തെ CR മാത്രം സമർപ്പിച്ചാൽ മതിതാകും.

2. CR ൽ അദ്ധ്യാപകർ, പ്രിൻസിപ്പൽ, ആർ.ഡി.ഡി എന്നിവരുടെ ഒപ്പ്, തീയതി മുതലായവ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അദ്ധ്യാപകർ സമർപ്പിക്കുന്ന CR ൽ ധാരാളം അപാകതകൾ വരുന്നത് മൂലം സമയബന്ധിതമായി ഡി.പി.സി കൂടുന്നതിന് തടസ്സം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ വർഷങ്ങളിൽ CR ൽ വന്നിട്ടുള്ള അപാകതകൾ സൂചന (2) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. **ബന്ധപ്പെട്ട പ്രിൻസിപ്പൽ/അദ്ധ്യാപകർ മേൽ സർക്കുലർ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് CR സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകുന്നു.** അപൂർണ്ണമായ CR കൾ ഡി.പി.സി. യിൽ ഉൾപ്പെടുത്തുന്നതല്ലെന്നും ഇത്തരക്കാരെ തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കുന്നതല്ലെന്നും അറിയിക്കുന്നു. CR സമർപ്പിക്കാത്ത അദ്ധ്യാപകരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ അറിയിക്കേണ്ടതാണ്. എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 2023 വർഷത്തെ സാധ്യതാ ഒഴിവുവിവരങ്ങൾ ചുവടെ ചേർക്കുന്നു. **പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എം മാരുടെ പ്രിൻസിപ്പൽ പ്രൊമോഷൻ, LWA/Deputation, Rejoining എന്നിവയ്ക്കായി ഒഴിവുകൾ മാറ്റേണ്ടി വരുന്ന സാഹചര്യത്തിൽ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റത്തിനായുള്ള വേക്കൻസികളിൽ മാറ്റം വരാവുന്നതാണ്.**

| ക്രമ നമ്പർ | വിഷയം | എച്ച്.എസ്.എസ്.റ്റി ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | മലയാളം | 21 |
| 2 | സംസ്കൃതം | 01 |
| 3 | ഇംഗ്ലീഷ് | 30 |
| 4 | ഹിന്ദി | 08 |
| 5 | ജിയോളജി | 01 |
| 6 | തമിഴ് | 01 |
| 7 | ഫിസിക്സ് | 17 |
| 8 | കെമിസ്ട്രി | 24 |
| 9 | ബോട്ടണി | 10 |
| 10 | സോഷ്യോളജി | 11 |
| 11 | സൈക്കോളജി | 03 |
| 12 | ഹിസ്റ്ററി | 14 |

| | | |
|---|---|---|
| 13 | പൊളിറ്റിക്കൽസയൻസ് | 17 |
| 14 | ഇക്കണോമിക്സ് | 40 |
| 15 | സ്റ്റാറ്റിറ്റിക്സ് | 01 |
| 16 | കൊമേഴ്സ് | 12 |
| 17 | ജ്യോഗ്രഫി | 07 |
| 18 | കമ്പ്യൂട്ടർ സയൻസ് | 08 |
| 19 | സുവോളജി | 12 |
| 20 | മാത്തമാറ്റിക്സ് | 32 |

Abdulkalam

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

La